

# ചിക്കാഗോയിൽ നടത്തപ്പെട്ട പ്രഥമ മലയാളി സന്യാസിനി സംഗമം ചരിത്രസംഭവമായി

തയ്യാറാക്കിയത് :
ജോസ് കണിയാലി





**റോയി ചേലമലയിൽ**

ചിക്കാഗോ: സെ. തോമസ് സീറോ മലബാർ രൂപതാ സ്ഥാപനം, അഭിവന്ദ്യ ജേക്കബ് അങ്ങാടിയത്ത് പിതാവിന്റെ മെത്രാഭിഷേകത്തിന്റെ രജത ജൂബിലിഎന്നിവയുടെ ഭാഗമായി അമേരിക്കയിലും കാനഡയിലും ശുശ്രൂഷ ചെയ്യുന്ന എല്ലാ മലയാളി സിസ്റ്റേഴ്സിന്റെയും സംഗമം ചിക്കാഗോയിലെ ബെൻസെൻവിൽ സേക്രഡ് ഹാർട്ട് ക്നാനായ കത്തോലിക്കാ ദേവാലയത്തിൽ സമാപിച്ചു.

ഏപ്രിൽ 17-ാം തീയതി വെള്ളിയാഴ്ച നടന്ന ഉദ്ഘാടനസമ്മേളനം നിരവധി വൈദിക മേലദ്ധ്യക്ഷന്മാരുടെയും 28-ൽപരം സന്യാസിനി സമൂഹങ്ങളുടെ പ്രതിനിധികളുടെയും സാന്നിദ്ധ്യത്തിൽ അമേരിക്കയിലെ ബൈസന്റൈൻ കത്തോലിക്കാ രൂപതയുടെ ബിഷപ് റോബർട്ട് പിപ്റ്റ ഉദ്ഘാടനം ചെയ്തു.

വെള്ളിയാഴ്ച നടന്ന സെമിനാറിന് സ്പ്രിംങ്ഫീൽഡിലെ ബിഷപ് അഭി. തോമസ് പാപ്രോക്കി നേതൃത്വം നല്കി. വൈകുന്നേരം അർപ്പിക്കപ്പെട്ട സമൂഹബലിയിൽ ബിഷപ് മാർ ജോയി ആലപ്പാട്ട് മുഖ്യകാർമ്മികനായിരുന്നു. ബിഷപ് റോബർട്ട് പിപ്റ്റ വചനസന്ദേശം നല്കി. അഭി. ജേക്കബ് അങ്ങാടിയത്ത് പിതാവും നിരവധി വൈദികരും സഹകാർമ്മികരായി. തുടർന്ന് മുത്തുക്കുടകളുടെയും ചെണ്ടമേളങ്ങളുടെയും അകമ്പടിയോടെ ഈ സംഗമത്തിൽ പങ്കെടുത്ത ഇരുനൂറ്റിഅമ്പതിൽപ്പരം സന്യാസിനികളെ ആദരിച്ച് പ്രദക്ഷിണമായി സമ്മേളന നഗരിയിലേക്ക് ആനയിച്ചു.

തുടർന്നു നടന്ന പൊതുസമ്മേളനം ബിഷപ് റോബർട്ട് പിപ്റ്റ നിലവിളക്കു കൊളുത്തി ഉദ്ഘാടനം ചെയ്തു. ബിഷപ് ജോയി ആലപ്പാട്ട് അദ്ധ്യക്ഷത വഹിച്ചു. ജൂബിലേറിയൻ ബിഷപ് മാർ ജേക്കബ് അങ്ങാടിയത്ത്, വാഷിങ്ടൺ വൈറ്റ് ഹൗസ് ഫെയ്ത്ത് ഓഫീസിലെ മതാന്തര ബന്ധങ്ങളിലെ ലെയ്സൺ ഓഫീസറും മലങ്കര ഓർത്തഡോക്സ് രൂപതാംഗവുമായ റവ. ഫാ. അലക്സാണ്ടർ കുര്യൻ, ഡൊമിനിക്കൻ സന്യാസിനി റവ. സിസ്റ്റർ അമേലിയ, സിസ്റ്റർ ആനി സെറീൻ എന്നിവർ അനുഗ്രഹ പ്രസംഗങ്ങൾ നടത്തി.

















ഈ സംഗമത്തിനു നേതൃത്വം നല്കിയവരെയും സാമ്പത്തിക സഹായം നല്കിയവരെയും ആദരിച്ച ചടങ്ങിന് സേക്രഡ് ഹാർട്ട് ക്നാനായ ഫൊറോന വികാരി ഫാ. ഏബ്രഹാം കളരിക്കൽ നേതൃത്വം നല്കി. ചിക്കാഗോ സീറോ മലബാർ രൂപതാ വികാരി ജനറാളന്മാരായ ഫാ. തോമസ് മുളവനാൽ, ഫാ. ജോൺ മേലേപ്പുറം, ഫാ. തോമസ് കടുകപ്പള്ളിൽ, രൂപതാ ചാൻസലർ ഫാ. ജോൺസൺ കോവൂർ പുത്തൻപുരയിൽ, അസിസ്റ്റന്റ് വികാരി ഫാ. അനീഷ് മാവേലി പുത്തൻപുരയിൽ, സിസ്റ്റർ ലിസാ ആഞ്ജലിക്കൽ എന്നിവർ പങ്കെടുത്തു.

സമ്മേളനത്തിന്റെ ചെയർപേഴ്സണും വികാരി ജനറാളുമായ ഫാ. തോമസ് മുളവനാൽ സ്വാഗതവും ജനറൽ കോ-ഓർഡിനേറ്റർ ടോണി പുല്ലാപ്പള്ളിൽ നന്ദിയും രേഖപ്പെടുത്തി. എലൈൻ ഒറ്റതൈക്കൽ സമ്മേളനത്തിന്റെ എംസിയായി പ്രവർത്തിച്ചു. തുടർന്ന് ചിക്കാഗോ കത്തീഡ്രൽ, സെ. മേരീസ് സേക്രഡ് ഹാർട്ട് ഇടവകയിലെ കലാകാരികളും കലാകാരന്മാരും ചേർന്ന് അവതരിപ്പിച്ച കലാസന്ധ്യ ഏറെ പ്രശംസ നേടി. നിയ ചെള്ളക്കണ്ടത്തിൽ, ഡെന്നി പുല്ലാപ്പള്ളിൽ എന്നിവർ കലാപരിപാടികളുടെ കോ-ഓർഡിനേറ്റർമാരായിരുന്നു. നിയ ചെള്ളക്കണ്ടത്തിൽ കലാപരിപാടികളുടെ എംസിയായി പ്രവർത്തിച്ചു.

ശനിയാഴ്ച രാവിലെ ജൂബിലി ആഘോഷങ്ങളുടെ ഭാഗമായി അഭിവന്ദ്യ മാർ ജേക്കബ് അങ്ങാടിയത്തിന്റെ മുഖ്യകാർമ്മികത്വത്തിൽ കൃതജ്ഞതാബലി അർപ്പിച്ചു. യു.എസ്. ഗവൺമെന്റിൽ സീനിയർ എക്സിക്യൂട്ടീവ് ഓഫീസറായി സേവനം ചെയ്യുന്ന റവ.ഫാ. അലക്സാണ്ടർ കുര്യനും ഡൊമിനിക്കൻ സന്യാസിനിയായ സിസ്റ്റർ അമേലിയ ഹൂളറും സെമിനാറുകൾ നയിച്ചു.





തുടർന്നു നടന്ന സമാപന സമ്മേളനത്തിൽ മാർ ജേക്കബ് അങ്ങാടിയത്ത് പിതാവിന് ജൂബിലി മംഗളങ്ങൾ അർപ്പിച്ചു. മാർ ജോയി ആലപ്പാട്ട്, റവ.ഫാ. അലക്സാണ്ടർ കുര്യനും ഡൊമിനിക്കൻ സന്യാസിനിയായ സിസ്റ്റർ അമേലിയ, ഫാ. ജോൺ മേലേപ്പുറം, ഫാ. തോമസ് മുളവനാൽ, ഫാ. ഏബ്രഹാം കളരിക്കൽ, സിസ്റ്റർ ലിസാ ആഞ്ജലിക്കൽ എന്നിവർ പങ്കെടുത്തു.

അമേരിക്കയിൽ ആദ്യമായി സംഘടിപ്പിച്ച ഈ സന്യാസിനി സംഗമത്തിൽ പങ്കെടുത്ത എല്ലാ സിസ്റ്റേഴ്സും ഹൃദയസ്പർശിയായ അനുഭവങ്ങൾ പങ്കുവെച്ചുകൊണ്ടാണ് മടങ്ങിയത്. ബെൻസൻവിൽ ക്നാനായ ഫൊറോന ഇടവകയിൽ വെച്ച് നടത്തിയ ഈ സംഗമം കൂട്ടായ്മയുടെയും കൃത്യമായ മുന്നൊരുക്കങ്ങളുടെയും ഏകോപനത്തിന്റെയും ആതിഥ്യമര്യാദകളുടെയും വിവിധ ഇടവകകളുടെ സഹകരണത്തിന്റെയും അപൂർവമായ പുതുചരിത്രം രചിച്ചുകൊണ്ട് ശനിയാഴ്ച വൈകുന്നേരം സമാപിച്ചു.

# ചിക്കാഗോയിൽ നടത്തപ്പെട്ട പ്രഥമ മലയാളി സന്യാസിനി സംഗമം ചിത്രങ്ങളിലൂടെ...




























































MALAYALEE SISTERS' KOINONIA 2026
BENSENVILLE-CHICAGO
April 17-18, 2026
SACRED HEART KNANAYA FORANE CHURCH
25
2001
2026








MALAYALEE SISTERS' KOINONIA 2026
BENSENVILLE-CHICAGO
April 17-18, 2026
SACRED HEART KNANAYA FORANE CHURCH





